"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ.പി. പ്രേചന്ദ്രനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.599/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/03/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 06.12.2008-ലെ ഡി2-36847/08 നമ്പർ നടപടിക്രമങ്ങൾ

2 പഞ്ചായത്ത് ഡയറക്ടറുടെ 23.10.2009-ലെ ഡി2-36847/08 നമ്പർ നടപടിക്രമങ്ങൾ

3 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.02.2019-ലെ സി10-(എസ്.ജെ.ആർ) 3880/10 നമ്പർ കത്ത്

4 ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ-ന്റെ വി.സി.09/08/ടിഎസ്ആർ-(സിസി14/10) കേസിന്മേൽ പുറപ്പെടുവിച്ച 20.12.2018-ലെ വിധിന്യായം

**ഉത്തരവ്**

പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്ക് ശ്രീ. കെ.ബി. പ്രേമചന്ദ്രൻ, ശ്രീ. മുഹമ്മദ് മൊയ്തീൻ എന്ന വ്യക്തിയിൽ നിന്നും അനധികൃത പ്രതിഫലം ആവശ്യപ്പെട്ടതിനെ തുടർന്ന് ശ്രീ. മുഹമ്മദ് മൊയ്തീൻ തൃശ്ശൂർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുമ്പാകെ പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പി.സി. നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം വി.സി. 9/08-ാം നമ്പറായി കേസ് രജിസ്റ്റർ ചെയ്ത് 27.11.2008-ാം തീയതി വൈകുന്നേരം 6 മണിക്ക് നടത്തിയ വിജിലൻസ് കെണിയിൽ ശ്രീ. കെ.ബി. പ്രേമചന്ദ്രൻ 2000/- രൂപ ശ്രീ. മുഹമ്മദ് മൊയ്തീനിൽ നിന്നും അനധികൃതമായി പ്രതിഫലം കൈപ്പറ്റിയതിനെ തുടർന്ന് ടിയാനെ അറസ്റ്റ് ചെയ്ത് 28.11.2008-ാം തീയതി ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിയുടെ കോടതി മുൻപാകെ ഹാജരാക്കുകയും 28.11.2008-ാം തീയതി മുതൽ 1 5 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.ബി. പ്രേമചന്ദ്രനെ തൃശ്ശൂർ വിയ്യൂർ സബ് ജയിലിലേക്ക് മാറ്റുകയും ചെയ്തിരുന്നു.

ടി സാഹചര്യത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ യു.ഡി.ക്ലാർക്ക് ശ്രീ. കെ.ബി. പ്രേമചന്ദ്രനെ വിജിലൻസ് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് അറസ്റ്റ് ചെയ്ത 27.11.2008-ാം തീയതി പ്രാബല്യത്തിൽ ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 21.05.2009-ൽ ടിയാന്റെ സസ്പെൻഷൻ 6 മാസം പൂർത്തിയായെങ്കിലും സേവനത്തിൽ പുനഃപ്രവേശിപ്പിക്കാൻ സാധിച്ചിരുന്നില്ല. പിന്നീട് ടിയാനെതിരെയുള്ള VC/9/08/TSR നമ്പർ വിജിലൻസ് കേസിന്റെ അന്വേഷണം പൂർത്തിയായതിനാൽ 27.08.2009-ലെ കത്ത് പ്രകാരം ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കാൻ സർക്കാർ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ സൂചന-2 ലെ നടപടിക്രമം പ്രകാരം ശ്രീ. കെ.ബി. പ്രേമചന്ദ്രനെ തൃശ്ശൂർ ജില്ലാ ഒഴികെയുള്ള ഏതെങ്കിലും ജില്ലയിലെ ഗ്രാമപഞ്ചായത്തിൽ നിയമനം നൽകി സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ. കെ.ബി. പ്രേമചന്ദ്രനെതിരെയുള്ള VC/9/08/TSR വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയാക്കി ബഹു. തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചതിൽ ബഹു. തൃശ്ശൂർ വിജിലൻസ് കോടതി 20.12.2018-ന് CC 14/10 (VC.09/08/TSR) കേസിൽ ശ്രീ. കെ.ബി. പ്രേമചന്ദ്രനെ ഒരു വർഷം തടവിനും 25,000/- രൂപ പിഴയും ചുമത്തി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബഹു. വിജിലൻസ് കോടതി ശ്രീ. കെ.ബി. പ്രേമചന്ദ്രനെ ഒരു വർഷം തടവിനും 25,000/- രൂപ പിഴയും ചുമത്തി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടങ്ങളിലെ, ചട്ടം 18-ലെ വ്യവസ്ഥ അനുസരിച്ച് ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെടേണ്ടതാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടുംകൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെന്റ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാതെ ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് 1960- ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18 ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ, ശ്രീ. കെ.ബി. പ്രേമചന്ദ്രനെ ഒരു വർഷത്തെ കഠിന തടവിനും 25,000/- രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ബഹു. കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളെ ചട്ടം 18(a) പ്രകാരം, ചട്ടം 18(aa)-യിലെ നടപടിക്രമം പാലിച്ച്, പി.എസ്.സിയുമായി കൂടിയാലോചിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതും, ആയതിനു മുന്നോടിയായി ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതുമാണ്. എന്നാൽ, കെ.സി.എസ്. (സിസി&എ) ചട്ടങ്ങളിലെ ചട്ടം 10(3)-ൽ പരാമർശിച്ചിരിക്കുന്ന സാഹചര്യങ്ങളിലൊഴികെ മുൻകാല പ്രാബല്യത്തോടെ സസ്പെൻഷൻ നല്കാൻ ചട്ടത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. കെ.ബി. പ്രേമചന്ദ്രനെ സേവനത്തിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തും ടിയാനെതിരെ കെ.സി.എസ്. (സി.സി.&എ) ചട്ടം 18(എ) പ്രകാരം നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ.ബി. പ്രേമചന്ദ്രൻ, മുൻ യു.ഡി. ക്ലാർക്ക്, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്
8. വിജിലൻസ് (ഡി) വകുപ്പ്
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/150/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ